# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 966

30/06/2015-ലെ
മറുപടിയ്ക്ക്

**പോസ്റ്റ് മെട്രിക്/പ്രീ മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണത്തിനായുള്ള പദ്ധതി ചെലവ്**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) | തിരുവനന്തപുരം മണ്ണന്തല യിലും എറണാകുളത്തും നിലവിൽ നടന്നുകൊണ്ടി രിക്കുന്ന പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണ ത്തിനും ചേർത്തല, പാലക്കാട്, വണ്ടിപ്പെരിയാർ എന്നിവിടങ്ങ ളിൽ പുതുതായി ആരംഭിക്കുന്ന പ്രീമെട്രിക് ഹോസ്റ്റലിന്റെയും നിർമ്മാണത്തിനുമായി അമ്പത് ശതമാനം കേന്ദ്ര സഹായ ത്തോടെയുള്ള പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | (എ) | തിരുവനന്തപുരം മണ്ണന്തല ഹോസ്റ്റലിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എറണാകുളത്ത് മുമ്പ് MRS പ്രവർത്തിച്ചിരുന്ന കെട്ടിടം നവീകരിച്ച് പോസ്റ്റ്മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആലപ്പുഴയിലെ ചേർത്തല പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, പാലക്കാട് മനിശ്ശേരി പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, വണ്ടിപ്പെരിയാർ പ്രീ മെട്രിക് ഹോസ്റ്റൽ എന്നിവയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി 2013-14 ലെ ബഡ്ജറ്റ് വിഹിതം എത്ര ആയിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ; | (ബി) & (സി) | കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി 2013-14 ൽ 200 ലക്ഷം രൂപയും 2014-15 ൽ 400 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പ്രസ്തുത വർഷങ്ങളിൽ കേന്ദ്ര സഹായം ലഭ്യമാകാത്തതിനാൽ ചെലവഴിക്കാൻ കഴി ഞ്ഞിട്ടില്ല. |
| (സി) | 2014-15 ലെ ബഡ്ജറ്റ് വിഹിതവും ഇതുവരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ? | | |

Sd/-

സെക്ഷൻ ഓഫീസർ